പദ്ധതിയുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഇപ്പോൾ ADB ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 89 ദശലക്ഷം യു.എസ്.ഡോളറിന്റെ റൂറൽ വാട്ടർ സപ്ലൈ പ്രോജക്റ്റിന്റെ കരാർ ഒപ്പിട്ടുകഴിഞ്ഞു. കുടിവെള്ളത്തിനായി 200 കോടി രൂപയുടെ ഡച്ച് സഹായപദ്ധതിയും ഈ വർഷം യാഥാർത്ഥ്യമാവുന്നതാണ്. 190 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള വനവൽക്കരണ പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 40 കോടി രൂപ ഞാൻ ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നു. 2100 കോടി രൂപയുടെ 'ഹൈവേ പ്രോജക്ട്' ലോകബാങ്കിന്റെ പരിഗണനയിലാണ്. JBIC സഹായത്തോടെയുള്ള അട്ടപ്പാടി പദ്ധതി പൂർണ്ണ തോതിൽ നടന്നു വരുന്നു. നമ്മുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 6100 കോടി രൂപയുടെ വിദേശ സഹായ പദ്ധതികൾക്കു അനുവാദം ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുന്നു.

68. സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്തയുടെ മൂന്നു ഗഡുക്കൾ നൽകാനുണ്ട് എന്ന വസ്തുതയെക്കുറിച്ച് ഞാൻ അതീവ ബോധവാനാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കം ബോധ്യപ്പെട്ട് ക്ഷാമബത്ത നൽകുന്നതിനുള്ള കാലതാമസം സഹിച്ചുകൊണ്ട് സർക്കാരിനോട് സഹകരിച്ച മിക്കവാറും എല്ലാ ജീവനക്കാരുടെയും സമീപനമാണ് ഏറെ പ്രോത്സാഹജനകമായി തോന്നിയിട്ടുള്ളത്. അതിൽ എനിക്ക് അവരോട് അതിയായ കടപ്പാടുണ്ട്. 1-7-1999 മുതലും 1-1-2000 മുതലും കുടിശ്ശികയായ ക്ഷാമബത്ത അതേ തീയതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതാണെന്ന് അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. വർദ്ധിപ്പിച്ച ക്ഷാമബത്ത 2001 മേയ് മാസത്തിലെ ശമ്പളത്തിൽ വാങ്ങുവാൻ കഴിയുന്നതാണ്. കുടിശ്ശിക ഒരു വർഷത്തേയ്ക്ക് പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്.

സാമ്പത്തിക സ്ഥിതി സംഗ്രഹം

69. 2000-2001 ലെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ചെലവുകൾ 8.05 ശതമാനം നിയന്ത്രിച്ചുകൊണ്ട് കമ്മി കുറയ്ക്കുമെന്ന് ഞാൻ സഭയെ അറിയിച്ചിരുന്നു. വാഗ്ദാനം ചെയ്തിരുന്ന തലത്തിലേക്ക് മിക്കവാറും എല്ലാ ഇനങ്ങളിലേയും ചെലവുകൾ കുറയ്ക്കാൻ എനിക്കു കഴിഞ്ഞു. എന്നാൽ, ചില അത്യാവശ്യ ചെലവുകൾ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തേണ്ടിവന്നതിനാലും പെൻഷനിലും പലിശയിലും പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധനവുണ്ടായതിനാലും മൊത്തം റവന്യൂ ചെലവുകളിൽ നേരിയ വർദ്ധനവുണ്ടായി. ഞാൻ ഇതിനകം വിശദീകരിച്ച കാരണങ്ങളാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ വരുമാനം പിരിച്ചെടുക്കുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടേണ്ടി വരും. എന്നിരുന്നാലും ഇക്കൊല്ലത്തെ റവന്യൂക്കമ്മി 1999-2000-ത്തിനേക്കാൾ വളരെ കുറവാണ്. ധനകാര്യ കമ്മീഷന്റെ സഹായകരമല്ലാത്ത നിലപാടുമൂലം കേന്ദ്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള പ്രതീക്ഷിതവരവിലെ കുറവുകൾ, വില്പന നികുതി ഒഴികെയുള്ള ഇനങ്ങളിലെ വരവിലുണ്ടായ ശോഷണം തുടങ്ങിയ പ്രാഥമിക കാരണങ്ങളാൽ ഇപ്പോഴുള്ള കമ്മി 684.99 കോടി രൂപയുടേതാണ്. വർഷാരംഭ ബാക്കിയിലെ കമ്മി കൂടി കൂട്ടുമ്പോൾ മൊത്തം കമ്മി 859.89 കോടി രൂപയാണ്.

70. നടപ്പുവർഷത്തെ (2000-2001) അവസാന സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്തം ഇതാണ്.

പുതുക്കിയ എസ്റ്റിമേറ്റ് 2000-2001	(രൂപ കോടിയിൽ)
റവന്യൂ വരവ്	9332.07
റവന്യൂചെലവ്	12563.84
റവന്യൂകമ്മി	(-) 3231.77
മൂലധനചെലവ്	831.18
വായ്പകളും മുൻകൂറുകളും (തനി)	(-) 300.70
പൊതുകടം (തനി)	2152.58
പൊതുകണക്ക് (തനി)	1526.08
ആകെ മൊത്തം കമ്മി	(-) 684.99
വർഷാരംഭ രൊക്ക ബാക്കി	(-) 174.90
വർഷാന്ത്യ രൊക്ക ബാക്കി	(-) 859.89

71. ഒഴിവാക്കുന്ന ചെലവുകൾ നിയന്ത്രിക്കാൻ 2001-2002-ലെ ബഡ്ജറ്റിലും ഞാൻ ശ്രമിച്ചിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഇപ്പോൾ കാണുന്ന മെച്ചപ്പെട്ടു വരുന്ന വളർച്ചയെയാണ് ഞാൻ ആശ്രയിക്കുന്നത്. 2001 ജനുവരി അവസാനത്തോടെ നികുതി പിരിവ് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ രണ്ട് ശതമാനം അധികമാണെന്ന് കാണാം. വില്പന നികുതിയിൽ നിന്നുള്ള വരവ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ ന്യായമായ വർദ്ധന കാണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ അടുത്ത വർഷം കടവും റവന്യൂ കമ്മിയും കാര്യമായി കുറയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. 2001-2002 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 461.39 കോടി രൂപയുടെ വ്യക്തമായ മിച്ചമുണ്ടാകുമെന്ന് നമ്മുടെ കണക്കുകൾ സൂചിപ്പിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇക്കൊല്ലം അവസാനത്തെ മൊത്തം കമ്മിയുടെ പ്രയാസം പരിഹരിക്കുന്നതിന് ഇത് ധാരാളം മതിയാകും. അടുത്ത വർഷത്തെ പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എന്റെ ഇടക്കാല

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ വർഷാവസാനത്തെ കമ്മിയിൽ കണക്കാക്കിയിരിക്കുന്ന തുകകളിൽ മാറ്റങ്ങളുണ്ടാകാമെങ്കിലും അന്തിമമായ കമ്മി വർഷാവസാനം 398.90 കോടി രൂപയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

72. സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

2000-2001 -ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

റവന്യൂ വരവ്	10833.67
റവന്യൂചെലവ്	13366.09
റവന്യൂകമ്മി	(-) 2532.42
മൂലധനചെലവ്	768.10
വായ്പകളും മുൻകൂറുകളും (തനി)	(-) 222.21
പൊതുകടം (തനി)	2734.22
പൊതുകണക്ക് (തനി)	1249.90
ആകെ മിച്ചം	461.39
വർഷാരംഭ ശൊക്ക ബാക്കി	(-) 859.89
ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ്	0.40
വർഷാന്ത്യ ശൊക്കം ബാക്കി	(-) 398.90

73. സർ, ഈ ബഹുമാന്യസഭ എന്നോട് പ്രകടിപ്പിച്ച ക്ഷമയ്ക്കും അനുഭാവത്തിനും ഞാൻ ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു. ഭരണത്തിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലം വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടുള്ള വികസനോന്മുഖ പ്രവർത്തനങ്ങളാൽ സംഭവബഹുലമായിരുന്നു. സമാന്തരങ്ങളില്ലാത്ത ഈ വളർച്ചയിൽ നമുക്ക് നമ്മോട് തന്നെയാണ് മത്സരിക്കാനുള്ളത്. ഭദ്രമായ സാമ്പത്തിക അടിത്തറയുള്ള സംസ്ഥാനങ്ങൾ പോലും കടുത്ത സമ്മർദ്ദങ്ങളാൽ തകരുമ്പോൾ ഉയർന്ന വളർച്ചാ നിരക്ക് നേടിയ അഞ്ച് സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ കൊച്ചു സംസ്ഥാനത്തിന് ഉയരാൻ കഴിഞ്ഞു. നമ്മുടെ ധനക്കമ്മി നിയന്ത്രണ വിധേയമാണ്. SDP 16.8 ശതമാനത്തിന്റെ തൃപ്തികരമായ വളർച്ച നേടി. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഭദ്രമായ ഉറച്ച അടിത്തറ പാകിയത് ഈ കാലയളവിലാണെന്ന

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത ചരിത്രം രേഖപ്പെടുത്തും. ഭാവിതലമുറയ്ക്ക് കാലുറപ്പിച്ചു നിൽക്കാനുള്ള അടിത്തറ നാം പാകിക്കഴിഞ്ഞു. വസ്തുതാപരമായി പറഞ്ഞാൽ, ഞങ്ങൾക്കു പ്രിയപ്പെട്ടവയും പ്രതിബദ്ധതയുള്ളവയുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഞങ്ങൾ ഈ കാലത്ത് ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്.

74. മഹനീയമായ ഈ സഭയിൽ സംഭവ ബഹുലമായ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് നിങ്ങൾ എന്നോടു കാണിച്ച സ്നേഹാദരങ്ങൾക്കും പിന്തുണയ്ക്കും നിർദ്ദേശങ്ങൾക്കും ഞാൻ ഓരോരുത്തരോടും നന്ദി പറയുന്നു. ഇടക്കാല ബഡ്ജറ്റും 2001 ഏപ്രിൽ ഒന്നു മുതൽ 2001 ജൂലായ് 31 വരെയുള്ള മാസങ്ങളിലെ ചെലവിനായുള്ള വോട്ട് ഓൺ അക്കൗണ്ടും അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദി,

മി. സ്പീക്കർ : Thank you Shri Sivadasa Menon, Thank you for your beautiful presentation. ഓർഡർ.....ഓർഡർ.....ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്കുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ അംഗങ്ങൾക്ക് അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. പത്രപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ് ടേബിൾ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ റൂം നം. 407-ൽ നിന്ന് ലഭിക്കുന്നതാണ്.

ഒരു പ്രധാനപ്പെട്ടകാര്യം ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു. പഴയ നിയസഭാമന്ദിരം ഒരു ചരിത്രസ്മാരകമായി രാഷ്ട്രത്തിന് സമർപ്പിക്കുന്ന ചടങ്ങ് നാളെ (24-2-2001) ഉച്ചയ്ക്ക് 12.00 മണിക്ക് ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി നിർവ്വഹിക്കുന്നതാണ്. ആ അവസരം ആരുംതന്നെ പാഴാക്കരുത് എന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. പഴയ മന്ദിരത്തിൽ, പഴയ സ്ഥലത്ത്, പഴയ സീറ്റുകളിൽ, അവസാനത്തെ അവസരമാണ്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ലഭിച്ചിരിക്കുമെന്ന് കരുതുകയാണ്.

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും 26-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ഫെബ്രുവരി 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.25-ന് പിരിഞ്ഞു).

(ബഡ്ജറ്റ് പ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

LIBRARY ARCHIVES Kerala Legislative Assembly

this delay. I am most grateful to them. I am happy to announce the release of arreas of Dearness Allowance and Dearness Relief that fell due on 1-7-1999 and 1-1-2000. Employees will be able to draw their salary at the increased rates from May. The arrears will be credited to the provident fund accounts for a period of one year.

SUMMARY OF FINANCIAL POSITION

69. When I presented my budget for 2000-01, I had informed the house that I would cut down on deficit by holding down the expenditure to 8.05%. I have been successfully able to hold down expenditure on all items to the promised level. However on account of essential expenditure that I had to accommodate through the supplementary demand for grants and some increase on pensions and interest expenditure more than what was forecast, there has been a marginal increase in the total revenue expendiature. I will have a great deal difficulty in realising my estimates of revenue receipt for reasons that I have already explained. However, the revenue deficit for this year will be substantially lower than that in the previous year 1999-2000. For the primary reasons of shortage in anticipated receipts from the Centres as a result of the unfavourable award of the Finance Commission and some shortfall in items of revenue other than sales tax, I will have a deficit of Rs. 684.99 cr. which together with the negative opening balance will add to an over all deficit of Rs. 859.89 cr.

70. Here is the final overall financial position for the current year 2000-01.

Revised Estimates 2000-01 (in Rs. cr)

Revenue Receipts	9332.07
Revenue Expenditure	12563.84
Revenue Deficit	(-) 3231.77
Capital Expenditure	831.18
Loans & Advances (Net)	(-) 300.70
Public Debt (Net)	2152.58

LIBRARY ARCHIVES Kerala Legislative Assembly

Public Account (Net)	1526.08
Overall Deficit	(-) 684.99
Opening Cash Balance	(-) 174.90
Closing Cash Balance	(-) 859.89

71. In my budget for 2001-02, I have continued my efforts to restrain all avoidable expenditure. I am banking on the recovery in the revenue collection that is clearly evident now. Already , the tax collections as at the end of January 2001 show a 2% point recovery over the corresponding figures last year. I am expecting collection from Sales Tax to register a modest increase over the budgeted figures. This gives me the confidence, that next year both the debt and the revenue deficit would have reduced considerably. I am happy to announce that our estimates indicate that there will be a significant surplus of Rs. 461.39 cr. at the end of the fiscal year 2001-02. This will be substantial enough to make good the difficulties posed by the overall closing deficit of this current year. Even though the figures of deficit for the next year that I have estimated in my interim budget are bound to vary when the full budget is presented, at this time I would estimate the overall closing balance to be Rs. (-) 398.90 cr. for the next year.

72. The overall position is given below:

BUDGEST ESTIMATES 2001-02 (in Rs. cr)

Revenue Receipts	10833.67
Revenue Expenditure	13366.09
Revenue Deficit	(-)2532.42
Capital Expenditure	768.10
Loans & Advances (Net)	(-) 222.21
Public Debt (Net)	2734.22
Public Account (Net)	1249.90

LIBRARY ARCHIVES Kerala Legislative Assembly